LBRD-C4/281/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം - ചാക്ക ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.അജിത് ശൈലേഷൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.556/2026/LBR തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:- 1. ചാക്ക ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.അജിത് ശൈലേഷൻ 05/11/2026-ൽ സമർപ്പിച്ച അവധി അപേക്ഷ.

2. ട്രെയിനിംഗ് ഡയറക്ടറുടെ 12/12/2025-ലെ ഡി.ടി/2311/2021/എ7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ചാക്ക ഐ.ടി.ഐയിൽ 26/02/2020 സേവനത്തിൽ പ്രവേശിച്ച ശ്രീ.അജിത് ശൈലേഷൻ 08/06/2021 മുതൽ 28/02/2022 വരെ സ്വദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അവധി അനുവദിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുകയും ചെയ്തു. അവധി അപേക്ഷ പൂർണ്ണമല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കുകയുണ്ടായി. തുടർന്ന് 25/10/2021-ന് ടിയാൻ തിരികെ സേവനത്തിൽ പ്രവേശിച്ചു. ശൂന്യവേതനാവധി അനുവദിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിച്ചതിനാൽ അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് കർശന താക്കിത് നൽകി തീർപ്പാക്കി എന്നും, ശ്രീ.അജിത് ശൈലേഷൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 08/06/2021 മുതൽ 24/10/2021 വരെയുള്ള കാലയളവ് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാക്ക ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടറായ ശ്രീ.അജിത് ശൈലേഷൻ 08/06/2021-ന് മുൻപ് പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കിയതിനാലും ടിയാൻ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിന്ന 08/06/2021 മുതൽ 24/10/2021 വരെയുള്ള കാലയളവ് മുൻകാലസേവനം നഷ്ടമാകും വിധം നോൺ - ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അജിത് ശൈലേഷൻ, ജൂനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ, ചാക്ക (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(18/03/2026-ലെ 3420589/LBR-1/37/26-FIN നമ്പർ നോട്ട് പ്രകാരം).

വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 06-04-2026 10:35:39

സെക്ഷൻ ഓഫീസർ